REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 16-05-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന ഘട്ടങ്ങളിലേക്ക് പ്രചാരണം ഊർജിതമായി തുടരുന്നു.
- പുതുക്കിയ പൗരത്വ ഭേദഗതി നിയമപ്രകാരം പൗരത്വ സർട്ടിഫിക്കറ്റുടെ ആദ്യസെറ്റ് ഇന്നലെ ന്യൂഡൽഹിയിൽ വിതരണം ചെയ്തു.
- ഇന്ന് ദേശീയ ഡെങ്കിപ്പനി ദിനം.
- ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കുലറിൽ സംസ്ഥാന ഗവൺമെന്റ് ഇളവ് വരുത്തി.
- ഫെഡറേഷൻ കപ്പ് സീനിയർ അത്-ലറ്റിക്സിൽ ജാവലിൻ ത്രോയിൽ നീരജ് ചോപ്രയ്ക്ക് സ്വർണം.

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന ഘട്ടങ്ങളിലേക്ക് പ്രചാരണം ഊർജിതമായി തുടരുന്നു. ഈ മാസം 20, 25 തീയതികളിലും, അടുത്തമാസം ഒന്നിനുമാണ് അഞ്ച്, ആറ്, ഏഴ് ഘട്ടങ്ങളിലെ വോട്ടെടുപ്പ്.

പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി ഇന്നലെ മഹാരാഷ്ട്രയിൽ പ്രചാരണത്തിനെത്തിയിരുന്നു. കേന്ദ്രമന്ത്രി അമിത്ഷാ, കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി തുടങ്ങിയവർ ഒഡീഷയിലും, പ്രിയങ്കാഗാന്ധിയും, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്-രിവാൾ എന്നിവർ ഉത്തർപ്രദേശിലും പ്രചാരണം നടത്തി. ഏഴാം

ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധനയും ഇന്നലെ പൂർത്തിയായി.

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശിലെ നാല് മണ്ഡലങ്ങളിൽ പ്രചാരണം നടത്തും. കോൺഗ്രസ്സ് നേതാക്കളായ മല്ലികാർജ്ജുൻ ഖാർഗെയും, രാഹുൽഗാന്ധിയും ഒഡിഷയിലും പ്രചാരണം നടത്തും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അഞ്ച്, ആറ് ഘട്ടങ്ങളുടെ ഒരുക്കങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ അവലോകനം ചെയ്തു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവർ നിരീക്ഷകരുമായി ഓൺലൈൻ സംവിധാനത്തിലൂടെയാണ് സംവദിച്ചത്. ഈ മാസം 20 ന് അഞ്ചാം ഘട്ടവും 25 ന് ആറാം ഘട്ടവും ജൂൺ ഒന്നിന് ഏഴാം ഘട്ടവും നടക്കും . ജൂൺ നാലിനാണ് വോട്ടെണ്ണൽ.

✪✪✪

പ്രമുഖ നേതാക്കളും കേന്ദ്രമന്ത്രിമാരും ഉൾപ്പെടുന്ന BJP സംഘം തിരഞ്ഞെടുപ്പ് കമ്മീഷനെ കണ്ട്, കോൺഗ്രസും ഇൻഡി സഖ്യവും നടത്തുന്ന പെരുമാറ്റച്ചട്ട ലംഘനങ്ങൾക്കെതിരെ പരാതി നൽകി. ചട്ടലംഘനത്തിന്റെ 22 ഉദാഹരണങ്ങൾ കമ്മീഷനു മുന്നിൽ വെച്ച് നടപടി ആവശ്യപ്പെട്ടതായി സംഘത്തിലുണ്ടായിരുന്ന കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ അറിയിച്ചു. ഇന്ത്യൻ സായുധസേനയ്ക്കെതിരെ കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി ഉന്നയിച്ച വിദ്വേഷ പരാമർശത്തിനെതിരെയും പരാതി നൽകിയതായി ഡോ. ജയശങ്കർ പറഞ്ഞു.

✪✪✪

കോൺഗ്രസ് നേതൃത്വം നൽകിയ UPA ഗവൺമെന്റിന്റെ ഭരണകാലത്ത് ഇന്ത്യ സാമ്പത്തിക വളർച്ചാ സാധ്യതകൾ പാഴാക്കിയെന്ന് മുതിർന്ന BJP നേതാവും ധനമന്ത്രിയുമായ നിർമ്മല സീതാരാമൻ പറഞ്ഞു. UPA കാലത്തെ സാമ്പത്തിക ദുരുപയോഗം ഇന്ത്യയെ 'അഞ്ച് ദുർബല' സമ്പദ്‌വ്യവസ്ഥകളുടെ പട്ടികയിൽപ്പെടുത്തിയെന്ന് അവർ സോഷ്യൽ മീഡിയ പോസ്റ്റിൽ കുറ്റപ്പെടുത്തി.

✪✪✪

പാകിസ്ഥാൻ അധിനിവേശ കശ്മീർ ഇന്ത്യയുടെ ഭാഗം തന്നെയാണെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ ആവർത്തിച്ചു വ്യക്തമാക്കി. സംയോജന

കാലത്ത് മുഴുവൻ കശ്മീരും ഇന്ത്യയിൽ ലയിച്ചതാണെന്നും അതുകൊണ്ടുതന്നെ മേഖലയിൽ ഇന്ത്യയ്ക്ക് അവകാശമുണ്ടെന്നും വാർത്താ ഏജൻസി അഭിമുഖത്തിൽ അമിത്ഷാ വിശദീകരിച്ചു. അധിനിവേശ കശ്മീരിലെ ഇപ്പോഴത്തെ പ്രശ്നങ്ങൾ അവിടുത്തെ ഭരണകൂടത്തിന്റെ പ്രവർത്തന വൈകല്യം കൊണ്ടാണെന്ന് അമിത്ഷാ വിലയിരുത്തി.

✪✪✪

പുതുക്കിയ പൗരത്വ ഭേദഗതി നിയമപ്രകാരം പൗരത്വ സർട്ടിഫിക്കറ്റുടെ ആദ്യസെറ്റ് ഇന്നലെ ന്യൂഡൽഹിയിൽ വിതരണം ചെയ്തു. കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് കുമാർ ഭല്ലയാണ് 14 അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് കൈമാറിയത്.

പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഘാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് 2014 ഡിസംബർ 31 വരെ ഇന്ത്യയിലെത്തിയ ഹിന്ദു, സിഖ്, ജൈന, ബുദ്ധ, പാഴ്സി, ക്രിസ്ത്യൻ വിഭാഗങ്ങളിൽപ്പെട്ടവരിൽ നിന്നാണ് പൗരത്വത്തിന് അപേക്ഷ സ്വീകരിച്ചത്.

പൗരത്വ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത നടപടിയെ ആഭ്യന്തര മന്ത്രി അമിത്ഷാ സാമൂഹ്യമാധ്യമ പോസ്റ്റിൽ ചരിത്രപരമെന്ന് വിശേഷിപ്പിച്ചു. പൗരത്വം നൽകുന്നത് സംബന്ധിച്ച വാഗ്ദാനം NDA ഗവൺമെന്റ് പാലിച്ചുവെന്ന് അദ്ദേഹം പോസ്റ്റിൽ കുറിച്ചു.

✪✪✪

ഇന്ന് ദേശീയ ഡെങ്കിപ്പനി ദിനം. ഡെങ്കി രോഗവ്യാപനം, പ്രതിരോധം, ചികിത്സ എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വർധിപ്പിക്കാൻ എല്ലാ വർഷവും മെയ് 16 നാണ് ദേശീയ ഡെങ്കിപ്പനി ദിനം ആചരിക്കുന്നത്. ഡെങ്കിപ്പനി പ്രതിരോധം:സുരക്ഷിതമായ നാളെക്കായി നമ്മുടെ ഉത്തരവാദിത്തം എന്നതാണ് ഈ വർഷത്തെ ഡെങ്കി ദിന പ്രമേയം.

സാമൂഹ്യ പങ്കാളിത്തത്തോടെ ഡെങ്കിപ്പനിയെ നിയന്ത്രിക്കാം' എന്ന പ്രമേയത്തിൽ തിരുവനന്തപുരത്ത് ഇന്ന് കൊതുകുജന്യ രോഗങ്ങളുടെയും, മറ്റു പകർച്ച വ്യാധികളുടെയും പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച യോഗം ചേരും.

✪✪✪

രാജ്യത്തെ ഏറ്റവും വലിയ നൈപുണ്യ മത്സരമായ 'ദ ഇന്ത്യ സ്കിൽസ്-2024' ന് ന്യൂഡൽഹിയിൽ തുടക്കമായി. നാലു

ദിവസങ്ങളിലായി രാജ്യത്തെ 900-ലധികം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കാളികളാകും. യുവ ജനതക്കും വ്യവസായങ്ങൾക്കും ഒരുപോലെ കരുത്തു പകരുന്നതാണ് ഇന്ത്യ സ്കിൽസ് എന്ന്, പരിപാടി ഉദ്ഘാടനം ചെയ്ത നൈപുണ്യ വികസന സെക്രട്ടറി അതുൽ കുമാർ തിവാരി പറഞ്ഞു. വിജയികൾ സെപ്തംബറിൽ ഫ്രാൻസിലെ അന്താരാഷ്ട്ര നൈപുണ്യ മത്സരത്തിൽ പങ്കെടുക്കും.

✪✪✪

ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കുലറിൽ സംസ്ഥാന ഗവൺമെന്റ് ഇളവ് വരുത്തി. ടെസ്റ്റ് വാഹനത്തിന്റെ കാലപ്പഴക്കം 15 വർഷത്തിൽ നിന്ന് 18 വർഷമായി ഉയർത്തി. പഴയതു പോലെ H എടുത്തശേഷം മാത്രമായിരിക്കും റോഡ് ടെസ്റ്റ്. ഒരു മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥൻ ദിവസം 40 ടെസ്റ്റ് നടത്തും. രണ്ട് ഉദ്യോഗസ്ഥരുണ്ടെങ്കിൽ 80 ടെസ്റ്റായിരിക്കും നടത്തുക. മോട്ടോർവാഹന വകുപ്പ് ഡാഷ് ക്യാമറ സ്ഥാപിക്കും. ആർക്കും തൊഴിൽ നഷ്ടമാകില്ല.

✪✪✪

തെക്കുപടിഞ്ഞാറൻ കാലവർഷം ഈ മാസം 31-ന് കേരളത്തിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഞായറാഴ്ചയോടെ തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിലും,ആൻഡമാൻ കടലിലും, നിക്കോബാർ ദ്വീപിലും കാലവർഷം എത്തിയേക്കും. സാധാരണ ജൂൺ ഒന്നിനാണ് കാലവർഷം കേരളത്തിൽ എത്താറ്.

കേരളത്തീരത്തിനടുത്ത് ചക്രവാതചുഴിയുടേയും ന്യൂനമർദ്ദ പാത്തിയുടേയും സ്വാധീനത്താൽ അടുത്ത ഏഴ് ദിവസം ഇടിയോടുകൂടിയ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ട്. തെക്കൻ കേരളതീരത്ത് ഇന്ന് ശക്തമായ കാറ്റിന് സാധ്യത മുൻനിർത്തി മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിൽ മഴസാധ്യത മുൻനിർത്തി മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ കഴിയുന്ന കുട്ടിയ്ക്ക് സാധ്യമായ എല്ലാ വിദഗ്ധ ചികിത്സയും നൽകുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു.

ഈ രോഗത്തിന് ഫലപ്രദമായ മരുന്നില്ലെങ്കിലും, ഫലപ്രദമെന്ന് കരുതുന്ന ഒരു കൂട്ടം മരുന്നുകളാണ് ചികിത്സിയ്ക്ക് ഉപയോഗിക്കുന്നത്. വിദേശത്തുനിന്ന് മരുന്ന് ലഭ്യമാക്കാനും ശ്രമം നടത്തി വരികയാണ്.

രോഗം റിപ്പോർട്ട് ചെയ്ത മലപ്പുറം മുന്നിയൂർ പഞ്ചായ ത്തിൽ ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. മലപ്പുറം മൂന്നിയൂർ പഞ്ചായത്തിലെ അഞ്ച് വയസ്സുകാരിക്കാണ് രോഗം സ്ഥിരീകരിച്ചത്. ബന്ധുക്കൾക്കൊപ്പം വീടിന് സമീപത്തെ പുഴയിൽ കുളിച്ചപ്പോഴാണ് രോഗം ബാധിച്ചതെന്ന് കരുതുന്നു. കുട്ടിയോ ടൊപ്പം പുഴയിൽ കുളിച്ച ബന്ധുക്കൾ നിരീക്ഷണത്തിലാണ്.

✪✪✪

സംസ്ഥാനത്തെ കോളജുകളിൽ നടപ്പാക്കുന്ന നാലുവർഷ ബിരുദ കോഴ്സ് സംബന്ധിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അറിവു നൽകുന്ന ഓറിയന്റേഷൻ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് നടത്തും. തിരുവനന്തപുരം പട്ടം സെന്റ്മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും.

✪✪✪

നാലുവർഷ ബിരുദം നടപ്പാകുമ്പോൾ വിദ്യാർത്ഥികളുടെ ആശങ്ക എല്ലാ ഘട്ടത്തിലും പരിഗണിച്ചും പരിഹരിച്ചുമായിരിക്കും മുന്നോട്ടു പോവുകയെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. നാലുവർഷ ബിരുദ സംവിധാനവുമായി ബന്ധപ്പെട്ട വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ യോഗത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

പരീക്ഷാ നടത്തിപ്പ് കോളേജുകളുടെ ചുമതലയിലാക്കുന്നതും, ചോയ്സുകൾ ലഭ്യമാക്കുന്നതും ഉൾപ്പെടെ ആശങ്കകൾ വിദ്യാർത്ഥി സംഘടനകൾ പങ്കുവെച്ചു. പ്രമുഖ വിദ്യാർത്ഥി സംഘടനകളെല്ലാം മന്ത്രി വിളിച്ച യോഗത്തിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്ത് ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകളിലേക്ക് ഇന്ന് മുതൽ ഓൺലൈനായി അപേക്ഷ സ്വീകരിക്കും. ഏകജാലക സംവിധാനം വഴിയാണ് പ്രവേശനം. ഈ മാസം 25 വരെ അപേക്ഷ നൽകാം. മേയ് 29-ന് ട്രയൽ അലോട്ട്മെന്റും ജൂൺ 5ന് ആദ്യ അലോട്ട്മെന്റും നടക്കും. ജൂൺ 24 നാണ് ക്ലാസ്സുകൾ ആരംഭിക്കുന്നത്.

✪✪✪

ഭുവനേശ്വറിൽ ഫെഡറേഷൻ കപ്പ് സീനിയർ അത്-ലറ്റിക്സിൽ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഒളിമ്പിക് ചാമ്പ്യൻ നീരജ് ചോപ്ര സ്വർണം നേടി. നാലാം ശ്രമത്തിൽ 82.27 മീറ്റർ എറിഞ്ഞാണ് 26 കാരനായ നീരജ് സ്വർണം സ്വന്തമാക്കിയത്. D.P മനുവിനാണ് വെള്ളി.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ 5 വിക്കറ്റിന് തോൽപിച്ചു. രാജസ്ഥാൻ റോയൽസിന്റെ നാലാം തോൽവിയാണിതെങ്കിലും16 പോയിന്റു മായി അവർ പട്ടികയിൽ രണ്ടാം സ്ഥാനത്ത് തുടരുകയാണ്.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

കണ്ണൂർ ജില്ലാ സീനിയർ ഡിവിഷൻ ലീഗ് ഫുട്ബോളിൽ ഇന്നലെ കാഞ്ഞിരോട് ജനതാ സ്പോർട്സ് ക്ലബ്ബ്, ജൂനിയർ റെഡ് സ്റ്റാർ കണ്ണൂരിനെ പരാജയപ്പെടുത്തി.

മറ്റൊരു മത്സരത്തിൽ മയ്യിൽ യംങ്ങ് ചാലഞ്ചേർസ്സ് സ്പോർട്സ് ക്ലബ്ബ് ,കണ്ണൂർ ജിംഖാന സ്പോർട്സ് ക്ലബ്ബിനെ തോൽപിച്ചു.

ഇന്ന് കണ്ണൂർ ജില്ലാ പോലീസ്, ബ്രദേഴ്സ് ക്ലബ്ബ് കണ്ണൂരിനെയും, സ്പിരിറ്റഡ് യൂത്ത്സ് ക്ലബ്ബ്, കണ്ണൂർ ലക്കി സ്റ്റാർ ക്ലബ്ബിനെയും നേരിടും.

✪✪✪

ഇടുക്കി ജില്ലയിൽ വരൾച്ചയെ തുടർന്നുണ്ടായ കൃഷിനാശം വിലയിരുത്താൻ മന്ത്രി P പ്രസാദ് ഇന്ന് ജില്ലയിൽ സന്ദർശനം നടത്തും. കൃഷിവകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിയുടെ സന്ദർശനം.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിന് തുടക്കം കുറിച്ച് ഇന്ന് നീരെഴുന്നള്ളത്ത് നടക്കും. അടിയന്തിര യോഗക്കാരും, ആചാര്യന്മാരും, സ്ഥാനികരും സമുദായി-യുടെയും പടിഞ്ഞീറ്റ-യുടെയും നേതൃത്വത്തിൽ അക്കരെ കൊട്ടിയൂരിൽ പ്രവേശിച്ച് കൂവയിലയിൽ ബാവലിതീർഥം കൊണ്ടുപോയി സ്വയംഭൂവും പരിസരവും ശുദ്ധിയാക്കുന്ന ചടങ്ങാണ് നീരെഴുന്നള്ളത്ത്.

✪✪✪

കോഴിക്കോട് ജില്ലയിൽ ഒൻപത് വില്ലേജുകളിൽ ഉൾപ്പെട്ട 260 ലേറെ ചതുരശ്ര കിലോമീറ്റർ പ്രദേശത്തെ, പശ്ചിമഘട്ട പരിസ്ഥിതി ലോല പ്രദേശത്തിന്റെ കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്തി. മുൻ കരട് വിജ്ഞാപനത്തിൽ ഇത് 272 ചതുരശ്ര കിലോമീറ്ററായിരുന്നു.

✪✪✪

മന്ത്രി V .അബ്ദുറഹ്മാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ജനാർദ്ദനൻ പേരാമ്പ്ര നിര്യാതനായി. 63 വയസ്സായിരുന്നു. രാവിലെ തിരൂർ ടൗൺഹാളിലെ പൊതുദർശനത്തിന് ശേഷം മൃതദേഹം ജന്മനാടായ പേരാമ്പ്രയിലേക്ക് കൊണ്ടുപോകും.

✪✪✪

മഴക്കാലത്തിനു മുന്നോടിയായി കോഴിക്കോട് ജില്ലയിലെ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പരിശോധനയ്ക്ക് തുടക്കമായി.

✪✪✪